⇨ ഹിന്ദുത്വ ആക്റ്റിവിസ്റ്റുകളെ കേന്ദ്രീകരിച്ചായിരുന്നു പോലീസിന്റെ അന്വേഷണം ⇨

കോവിഡ്-19 മഹാമാരിയുടെ ഭീതി വർദ്ധിക്കുന്ന സാഹചര്യത്തിൽ രോഗത്തിന്റെ പ്രഭവകേന്ദ്രങ്ങളായി ജയിലുകളും തടങ്കൽ പാളയങ്ങളും മാറിയേക്കാവുന്ന ഗുരുതരമായ അവസ്ഥയുള്ളതിനാൽ വിചാരണ കഴിയാത്തവരെയും കുറ്റവാളികളെയും ഇടക്കാല ജാമ്യം നൽകി വിട്ടയക്കണം എന്ന് സുപ്രീംകോടതി ജയിൽ അധികൃതർക്ക് നിർദേശം നൽകിയിട്ടും, സ്കൂൾ കെട്ടിടങ്ങളിൽ ആയിരകണക്കിന് കുടിയേറ്റ തൊഴിലാളികളെ പാർപ്പിച്ചിട്ടും, ഒരു വൈറസിനും തടുക്കാൻ കഴിയാതിരുന്ന ഒരു കാര്യം ഈ രാജ്യത്തുണ്ട്. ഇന്ത്യയിലെ എക്കാലത്തെയും മികച്ച എഴുത്തുകാരിലും ബുദ്ധിജീവികളിലും ഒരാളായ ഡോ. ആനന്ദ് തെൽതുംദെയെ ഇന്ത്യൻ ഭരണകൂടം വേട്ടയാടുന്നു എന്ന കാര്യം.

2018 -ൽ ഭീമ കൊറേഗാവിൽ ആദ്യമായി അക്രമം പൊട്ടിപ്പുറപ്പെട്ടപ്പോൾ സാംബാജി ബിടെ, മിലിന്ദ് എക്ബോടെ എന്നീ ഹിന്ദുത്വ ആക്റ്റിവിസ്റ്റുകളെ കേന്ദ്രീകരിച്ചായിരുന്നു പോലീസിന്റെ അന്വേഷണം. എന്നാൽ വലതുപക്ഷ സംഘപരിവാർ ശക്തികൾ ഈ ദിശയിലേക്കുള്ള അന്വേഷണത്തിൽ വീഴ്ച്ചകൾ ഉണ്ടെന്ന് ആരോപിച്ച് വളരെ പെട്ടെന്ന് ചില റിപ്പോർട്ട് പുറത്തുവിട്ടു. ആക്രമണത്തിന് പിന്നിൽ എൽഗർ പരിഷദും അവരുടെ

# എന്തുകൊണ്ട് ആനന്ദ് തെൽതുംദെ സർക്കാരിന് അപകടകാരിയായി മാറുന്നു?

ഭീമ കൊറേഗാവിൽ എല്ലാ വർഷവും ഒത്തുകൂടുന്നത് പുരോഗമന അംബേദ്ക്കറൈറ്റ് സംഘടനകളുടെയും സാമൂഹിക പ്രവർത്തകരുടെയും കൂട്ടായ്മയായ എൽഗർ പരിഷദ് ആണ്. മാവോയിസ്റ്റ് സംഘടനകൾ ഇന്ത്യയിൽ നിരോധിക്കപ്പെട്ടവയാണ് എന്നത് എല്ലാവർക്കും പൊതുവിൽ അറിയുന്ന കാര്യമാണ്. എന്നിട്ടും എന്തുകൊണ്ടാണ് ഒരു അംബേദ്ക്കറൈറ്റ്-ദളിത് കൂട്ടായ്മയുടെ സ്മരണ നിലനിർത്തുന്ന സമ്മേളനം മാവോയിസ്റ്റ് പരിപാടിയായി ചിത്രീകരിക്കപ്പെട്ടത്?

**ജിഗ്നേഷ് മേവാനി, മീന കന്ദസ്വാമി**

കടപ്പാട്: ദി വയർ

മാവോയിസ്റ്റ് ബന്ധങ്ങളുമാണെന്ന വ്യാജമായ ആരോപണവുമായി സംഘപരിവാർ രംഗത്ത് വരുകയും ചെയ്തു. ഭീമ കൊറേഗാവിൽ എല്ലാ വർഷവും ഒത്തുകൂടുന്നത് പുരോഗമന അംബേദ്ക്കറൈറ്റ് സംഘടനകളുടെയും സാമൂഹിക പ്രവർത്തകരുടെയും കൂട്ടായ്മയായ എൽഗർ പരിഷദ് ആണ്. മാവോയിസ്റ്റ് സംഘടനകൾ ഇന്ത്യയിൽ നിരോധിക്കപ്പെട്ടവയാണ് എന്നത് എല്ലാവർക്കും പൊതുവിൽ അറിയുന്ന കാര്യമാണ്. എന്നിട്ടും എന്തുകൊണ്ടാണ് ഒരു അംബേദ്ക്കറൈറ്റ്-ദളിത് കൂട്ടായ്മയുടെ സ്മരണ നിലനിർത്തുന്ന സമ്മേളനം മാവോയിസ്റ്റ് പരിപാടിയായി ചിത്രീകരിക്കപ്പെട്ടത്? അംബേദ്ക്കറൈറ്റുകളെയും ദളിതരെയും ലക്ഷ്യമിട്ടുകൊണ്ട് മാത്രമാണ് നിയമ സംവിധാനത്തെ ദുർവിനിയോഗപ്പെടുത്തി ഇത്തരത്തിൽ ഒരു മാവോയിസ്റ്റ് ബന്ധം കെട്ടിച്ചമച്ചത് എന്ന് ഇതിനു ശേഷം അരങ്ങേറിയ സംഭവങ്ങളും പുതിയ വ്യാജപ്രചാരണങ്ങളും രാഷ്ട്രീയ ആഖ്യാനങ്ങളും നിരീക്ഷിച്ചാൽ ഏതൊരാൾക്കും വ്യക്തമായി മനസ്സിലാകും. കൂടുതൽ ജനപ്രീതി ലഭിക്കാനും, രാജ്യമൊട്ടാകെയുള്ള ആക്ടിവിസ്റ്റുകളുടെ അറസ്റ്റുകളെ ന്യായീകരിക്കാനും, അതിന് ജനകീയ പിന്തുണ നേടിയെടുക്കാനും വേണ്ടി അധികം വൈകാതെ മാവോയിസ്റ്റ് എന്ന പേരി

നു പകരം ഭരണകൂടം 'അർബൻ നക്സലുകൾ' എന്ന പുതിയ പ്രയോഗം പൊതു വ്യവഹാരത്തിലേക്ക് കൊണ്ടുവന്നു.

ഇത്തരം ഒരു അസാധാരണമായ പ്രയോഗത്തിലൂടെ എതിരഭിപ്രായം പ്രകടിപ്പിക്കുന്ന ബുദ്ധിജീവികളെയോ ആക്റ്റിവിസ്റ്റുകളെയോ തേടിപ്പിടിച്ച് നിരന്തരം വേട്ടയാടാൻ ഭരണകൂടത്തിന് എളുപ്പമായി. ഇടതുപക്ഷ ചായ്‌വുള്ള ആരെ വേണമെങ്കിലും 'അർബൻ നക്സലുകൾ' ആക്കിമാറ്റാൻ സർക്കാരുകൾക്ക് എളുപ്പം സാധിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയെ കൊലപ്പെടുത്തുന്നതിനായുള്ള ഗൂഢാലോചന നടന്നു എന്ന കെട്ടിച്ചമച്ച വാർത്ത കൂടി ഇതോടൊപ്പം കൂട്ടിച്ചേർത്തതോടെ ഭരണകൂടത്തിന് കാര്യങ്ങൾ കൂടുതൽ എളുപ്പമായി. ഈ കെട്ടിച്ചമച്ച ഗൂഢാലോചനയെ തുടർന്ന് നിരവധി പ്രമുഖരായ വ്യക്തികളെ അറസ്റ്റ് ചെയ്ത് ജയിലിൽ ആക്കി. സുധ ഭരദ്വാജ്, ഇംഗ്ലീഷ് പ്രൊഫസറായ ഷോമ സെൻ, സുരേന്ദ്ര ഗാഡ്‌ലിംഗ്, വെർണൻ ഗോൺസാൽവേസ് എന്നീ അഭിഭാഷകർ, സാമൂഹിക പ്രവർത്തകനും ഗവേഷകനുമായ മഹേഷ് റൗത്, മാധ്യമപ്രവത്തകനായ അരുൺ ഫെറേയ്റ, എഡിറ്ററായ സുധീർ ധവ്‌ലെ, രാഷ്ട്രീയ തടവുകാരുടെ അവകാശങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്ന റോണാ വിൽസൺ, തെലുഗു കവിയായ വരാവര റാവു എന്നിങ്ങനെ നീളുന്നു അറസ്റ്റിലായവരുടെ പട്ടിക.

രണ്ട് ആക്ടിവിസ്റ്റുകളുടെ പേരുകൾ കൂടി ഈ ചാർജ്ഷീറ്റിലേക്ക് പിന്നീട് ചേർക്കപ്പെട്ടു; ആനന്ദ് തെൽതുംദെ, മാധ്യമപ്രവർത്തകനും ആക്റ്റിവിസ്റ്റുമായ ഗൗതം നവ്‌ലാഖ. ഇവരോട് ഏപ്രിൽ 14 ചൊവ്വാഴ്ച്ച ദേശീയ അന്വേഷണ ഏജൻസിയുടെ(എൻ.ഐ.എ) മുന്നിൽ കീഴടങ്ങാൻ ആവശ്യപ്പെട്ടു. ഈ കേസിന്റെ സ്വഭാവവും കെട്ടിച്ചമക്കപ്പെട്ട ഗൂഢാലോചനയും പോലീസിന് ആരെയും എവിടെ വച്ചും വേട്ടയാടാനുള്ള അനുമതി നൽകി. ഹൈദരാബാദിലെ പ്രൊഫസ്സർ ഡോ. കെ സത്യനാരായണ, ഡൽഹിയിലെ പ്രൊഫസ്സർ ഹണി ബാബു എന്നിവരുടെ വീടുകളിൽ പോലീസ് തിരച്ചിലുകൾ നടത്തി. വിവരങ്ങൾ ശേഖരിക്കാൻ എന്ന പേരിൽ അവരുടെ കംപ്യൂട്ടറുകൾ പരിശോധിക്കപ്പെട്ടു. നമ്മൾ കാണാൻ പോകുന്ന അവസാനത്തെ അറസ്റ്റുകൾ ആയിരിക്കില്ല ഇതൊക്കെയും എന്നതാണ് സങ്കടകരമായ സത്യം.

എന്തുകൊണ്ടാണ് ആനന്ദ് തെൽതുംദെ ഇത്രയും ക്രൂരമായ രീതിയിൽ വേട്ടയാടപ്പെടുന്നത്? കൊറോണ വൈറസ് മഹാവ്യാധിയെ തടയുന്നതിനായി ജയിലുള്ളവരെ വിട്ടയക്കാൻ സുപ്രീം കോടതി പറഞ്ഞിട്ട് കൂടിയും തെൽതുംദെയും, നവ്‌ലാഖയും ജയിലിൽ പോകണം എന്ന് ഭരണകൂടം തീരുമാനിക്കുന്നത് എന്തുകൊണ്ടാണ്?

തെൽതുംദെ, ബാബാസാഹേബ് കുടുംബത്തിലെ ഒരംഗമായതുകൊണ്ടാണ് അദ്ദേഹത്തിനെ ഭരണകൂടം ലക്ഷ്യമിടുന്നത് എന്ന് അംബേദ്ക്കറുടെ കൊച്ചുമകനായ പ്രകാശ് അംബേദ്കർ ചൂണ്ടികാണിക്കുന്നു. ബാബാസാഹേബ് അംബേദ്കറിന്റെ പാരമ്പര്യത്തെയും അദ്ദേഹത്തിന്റെ ആശയങ്ങളുടെ തുടർച്ചയെയും തന്നെയാണ് വലതുപക്ഷ ശക്തികളായ സംഘപരിവാർ ലക്ഷ്യംവക്കുന്നത്. ബി.ജെ.പി-ആർ.എസ് എസിന്റെയും രഹസ്യ അജണ്ട മറ്റൊന്നല്ല. ആനന്ദ് തെൽതുംദെ ഭീമ കൊറേഗാവിൽ നടന്ന പരിപാടിയിൽ പങ്കെടുത്തിരുന്നില്ല. അതിന്റെ സംഘാടക സമിതിയിൽ അംഗവും ആയിരുന്നില്ല. എന്നിട്ടും അദ്ദേഹത്തെ വേട്ടയാടുന്നത് എന്തുകൊണ്ടാകാം? അത് മറ്റൊന്നും കൊണ്ടല്ല, അദ്ദേഹം മുന്നോട്ടുവയ്ക്കുന്ന ശക്തമായ രാഷ്ട്രീയം കൊണ്ട് മാത്രമാണ്. നിയോലിബറൽ-വലതുപക്ഷ ഭരണകൂടം ഭ്രഷ്ട് കൽപ്പിച്ച രാഷ്ട്രീയമാണ് സദാ പറഞ്ഞുകൊണ്ടിരിക്കുന്നത് എന്നതാണ് സംഘപരിവാറിന്റെ വേട്ടയാടലിന് അദ്ദേഹം വിധേയമാകാൻ കാരണം.

സാമൂഹിക-സാമ്പത്തിക മണ്ഡലങ്ങളിൽ ഹിന്ദുത്വക്ക് എതിരെ പോരാടേണ്ടതിന്റെ ആവശ്യകത നിരന്തരം ഉയർത്തി പിടിക്കുന്ന ബാബാസാഹേബ് അംബേദ്കറിന്റെ അനുയായികളിൽ ഒരാളാണ് ആനന്ദ് തെൽതുംദെ. ഒരു വശത്ത് അദ്ദേഹം സംഘപരിവാറിന്റെ സാമൂഹികവിരുദ്ധ ബ്രാഹ്മണിക്കൽ മുഖമൂടി അഴിച്ചുമാറ്റുകയും, മറുവശത്ത് നിയോലിബറൽ ഹിന്ദുത്വയുടെ ജനവിരുദ്ധ സാമ്പത്തിക നയങ്ങളെ നിരന്തരം വിമർശിക്കുകയും ചെയ്യുന്നു. തെൽതുംദെയുടെ അടുത്തിടെ പ്രസിദ്ധീകരിച്ച എഴുത്തുകളുടെ സമാഹാരത്തിന്റെ പേര് 'റിപ്പബ്ലിക്ക് ഓഫ് കാസ്റ്റ്: തിങ്കിങ് ഇക്വാളിറ്റി ഇൻ ദി ടൈം ഓഫ് നിയോലിബറൽ ഹിന്ദുത്വ' എന്നായിരുന്നു. അംബേദ്ക്കറുടെ ആശയങ്ങളായ ജാതി ഉന്മൂലനത്തിലൂടെയും സ്റ്റേറ്റ് സോഷ്യലിസത്തിലൂടെയും ഇന്ത്യയിൽ സാമൂഹിക സാമ്പത്തിക ജനാധിപധ്യം ഉറപ്പുവരുത്തുക എന്ന അതേ രാഷ്ട്രീയ വീക്ഷണത്തെയാണ് തെൽതുംദെയും ഉയർത്തിപ്പിടിക്കുന്നത്.

ബാബാസാഹേബ് അംബേദ്ക്കറുടെ തുറന്ന സോഷ്യലിസ്റ്റ് ദർശനത്തെയും തെൽതുംദെ ചൂണ്ടിക്കാണിക്കുന്നു: "സാമൂഹിക-സാമ്പത്തിക നീതി ഈ രാജ്യത്തുണ്ടാകണമെങ്കിൽ, വ്യവസായവും കൃഷിയിടവും ദേശസാത്കരിക്കപ്പെടണമെങ്കിൽ, സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ നീതി നടപ്പിലാക്കണം എന്ന് വിശ്വസിക്കുന്ന ഭാവിയിലെ ഏതൊരു ഗവൺമെന്റിനും എങ്ങനെയാണ് സോഷ്യലിസ്റ്റ് സാമ്പത്തിക വ്യവസ്ഥ അല്ലാതെ മറ്റൊരു സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് ചിന്തിക്കാൻ പോലും കഴിയുക എന്ന് എത്ര ശ്രമിച്ചിട്ടും എനിക്ക് മനസിലാകുന്നില്ല." (ഡിസംബർ 17, 1946)

അതേ ലേഖനത്തിൽ തന്നെ അംബേദ്ക്കറിനെ വീണ്ടും ഉദ്ധരിച്ച് കൊണ്ട് തെൽതുംദെ സോഷ്യലിസത്തിന്റെ വിജയത്തിന് ജാതി-വിരുദ്ധ വിപ്ലവം എ




ത്രത്തോളം അനിവാര്യമാണ് എന്ന് ഊന്നിപ്പറയുന്നു. "വിപ്ലവാനന്തരം ജാതി-മത വിവേചനമില്ലാതെ തങ്ങളെ തുല്യരായി പരിഗണിക്കുമെന്ന ഉറപ്പില്ലാതെ ആളുകൾ ഭൂസ്വത്തിന്റെ സമത്വത്തിനുവേണ്ടിയുള്ള വിപ്ലവത്തിന് ഒരിക്കലും മുന്നിട്ട് ഇറങ്ങില്ല. വിപ്ലവത്തെ നയിക്കുന്ന സോഷ്യലിസ്റ്റുകൾ ജാതിയിൽ വിശ്വസിക്കുന്നില്ല എന്ന ഉറപ്പ് മാത്രം ഒരിക്കലും മതിയാകില്ല. അതിലും ആഴത്തിൽ അടിത്തട്ടിൽ നിന്നുള്ള ഉറപ്പാണ് വേണ്ടത്. ആ ഉറപ്പ് എന്ന് പറയുന്നത് ഒന്നിച്ചു നിന്ന് പോരാടുന്ന ഒരേ ആളുകൾ തമ്മിൽ പരസ്പരം പുലർത്തേണ്ട സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും ഉറപ്പാണ്".

സോഷ്യലിസത്തെ മുറുകെപ്പിടിച്ചുകൊണ്ട് ജാതി ഉന്മൂലനം എന്ന ഈ പദ്ധതി മുന്നോട്ടുവയ്ക്കുന്നത് ദളിത് പശ്ചാത്തലത്തിൽ നിന്നുള്ള ഒരു പണ്ഡിതൻ കൂടിയാകുമ്പോൾ ശ്രദ്ധേയമായ കാര്യം യഥാർത്ഥത്തിൽ ദളിത്-ബഹുജൻ വിഭാഗത്തിലെ ആളുകളാണ് ഇന്ത്യയുടെ ഏറ്റവും വലിയ തൊഴിലാളി വർഗ്ഗം എന്ന വസ്തുതയാണ്. ഇതിനർത്ഥം, ജാതിവ്യവസ്ഥയെ വെല്ലുവിളിക്കുന്നു എന്ന് പറയുമ്പോൾ ഏറ്റവും വലിയ വെല്ലുവിളി ഉയരുന്നത് സ്വതന്ത്രമായി മനുഷ്യരെ ചൂഷണം ചെയ്യുന്ന മുതലാളിത്തത്തിനെതിരെ കൂടിയാണ്.

സമൂഹത്തിലെ ജാതി-വർഗ്ഗ-ലിംഗ വിവേചനത്തെ കൂട്ടുപിടിക്കുന്ന നിയോലിബറൽ ഹിന്ദുത്വയുടെ അജണ്ടയ്ക്ക് നേർവിപരീതമായ ആശയമാണ് ബാബാസാഹേബ് അംബേദ്കർ മുന്നോട്ടുവയ്ക്കുന്ന ജാതി-വിരുദ്ധ സോഷ്യലിസം എന്ന പദ്ധതി. ജാതി-മത വിവേചനത്തിലൂടെ ഇന്ത്യയെ വിഭജിച്ചും വർഗ്ഗീയതയെ വളർത്തി ജനങ്ങളെ ഭിന്നിപ്പിച്ചും തങ്ങളുടെ ലക്ഷ്യം നേടിയെടുക്കുന്നതിന്റെ ഭാഗമായിട്ടാണ് മത ന്യൂനപക്ഷങ്ങളെ വലതുപക്ഷം ലക്ഷ്യം വെക്കുന്നത്.

ആർ.എസ്.എസ് അതിന്റെ ആരംഭകാലത്ത് തന്നെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ചൊൽപ്പടിക്ക് നിൽക്കുകയും, മനുവാദത്തെ ഉയർത്തിപ്പിടിക്കുകയും ചെയ്തിരുന്നു. തങ്ങളുടെ സ്വാർത്ഥ താൽപര്യങ്ങൾക്കായി ഇന്ത്യയുടെ വിഭവങ്ങളെയും ജനങ്ങളെയും നിരന്തരം ചൂഷണം ചെയ്തുകൊണ്ടിരുന്ന ബ്രിട്ടീഷ് ഭരണകൂടത്തെ പിന്തുണച്ചുകൊണ്ട് ഇന്ത്യൻ സ്വാതന്ത്ര്യ സമരം അതിന്റെ ഉന്നതിയിൽ നിൽക്കുമ്പോൾ ആർ.എസ്.എസ് തലവനായിരുന്ന എം.എസ് ഗോൾവാൾക്കർ പറഞ്ഞത്, 'ഹിന്ദുക്കളെ, നിങ്ങൾ ബ്രിട്ടീഷുകാർക്ക് എതിരെ പോരാടി നിങ്ങളുടെ ഊർജം കളയേണ്ടതില്ല. മറിച്ച് ആഭ്യന്തര ശത്രുക്കളായ മുസ്ലിങ്ങൾക്കും, ക്രിസ്ത്യാനികൾക്കും, കമ്മ്യൂണിസ്റ്റുകൾക്കും എതിരെ പോരാടുക' എന്നാണ്.

എന്നാൽ ഹിന്ദുക്കൾ ഉൾപ്പടെയുള്ള ഇന്ത്യക്കാർ ഈ ദേശവിരുദ്ധരുടെ വാക്കുകൾക്ക് ചെവികൊടുക്കാതെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന് എതിരായി സ്വാതന്ത്ര്യം വരെ പോരാടി എന്നത് ചരിത്രമാണ്. മറ്റൊരവസരത്തിൽ മനുവിനെ പുകഴ്ത്തികൊണ്ട് ഗോൾവാൾക്കർ ഇങ്ങനെ എഴുതി; "ലോകത്തിലെ ആദ്യത്തെയും എക്കാലത്തെയും മഹാനിയമജ്ഞനായ മനു അദ്ദേഹത്തിന്റെ നിയമസംഹിതയിൽ എഴുതിയിരിക്കുന്നു, ലോകത്തിലെ എല്ലാ ആളുകളും അവരുടെ കർത്തവ്യങ്ങളെ കുറിച്ച് പഠിക്കുവാനായി ഇവിടേക്ക് വന്ന് ആദിജാതരായ മഹാബ്രാഹ്മണരുടെ വിശുദ്ധപാദങ്ങൾ തൊട്ടു വന്ദിക്കണം".

പക്ഷേ സംഘപരിവാറിനെ ഏറെ നിരാശരാക്കിക്കൊണ്ട് ഇന്ത്യൻ ഭരണഘടനയിൽ ആർട്ടിക്കിൾ 15 എഴുതപ്പെട്ടു. ആർട്ടിക്കിൾ 15 അനുസരിച്ച് ഈ രാജ്യത്തെ ഒരാളെയും മതത്തിന്റെയോ,വർണ്ണത്തിന്റെയോ, ജാതിയുടയോ, ലിംഗത്തിന്റെയോ, ജനിച്ച സ്ഥലത്തിന്റെയോ പേരിൽ വേർതിരിക്കാനോ വിവേചിക്കാനോ കഴിയില്ല.

ആർ.എസ്.എസ്-ബി.ജെ.പിയുടെ നിയോലിബറൽ ഹിന്ദുത്വയ്ക്കെതിരെ പുരോഗമന ബുദ്ധിജീവി മതിലായി നിലകൊള്ളുന്ന അംബേദ്ക്കറൈറ്റുകളുടെ ഇടയിലാണ് തെൽതുംദെയുടെ സ്ഥാനം. ഈ പുരോഗമന ബുദ്ധിജീവി മതിലിനെ ഭേദിക്കുക എന്നുള്ളത്, ആർ.എസ്.എസ് നിയന്ത്രിത ജനവിരുദ്ധ കേന്ദ്ര സർക്കാരിന്റെ ആവശ്യകതയാണ്. എങ്കിൽ മാത്രമേ ജാതി വിവേചനത്തിലും, വർഗ്ഗവിവേചനത്തിലും, ലിംഗവിവേചനത്തിലും അധിഷ്ഠിതമായ അസമത്വ-ഹിന്ദുത്വ സമൂഹത്തെ സൃഷ്ടിക്കാൻ അവർക്ക് കഴിയൂ. നമ്മളെ ഇരുണ്ട ഭൂതകാലത്തിലേക്ക് തിരിച്ചുകൊണ്ടുപോകുന്ന ഈ സമയയന്ത്രത്തിന്റെ വേഗം കൂട്ടാനാണ് അവർ ശ്രമിക്കുന്നത്. ഈ ലക്ഷ്യത്തോടെയാണ് ഭീമ കൊറേഗാവിൽ അക്രമം അഴി

ച്ചുവിട്ട ഹിന്ദുത്വ ശക്തികളെ അവർ സംരക്ഷിച്ചതും, എൽഗർ-പരിഷത്തിന് മാവോയിസ്റ്റ് ബന്ധം ഉണ്ടെന്ന കഥ കെട്ടിച്ചമച്ച് അവരാണ് ആക്രമണത്തിന് പിന്നിലെന്ന് വരുത്തി തീർത്തതും. സത്യം പുറത്തുവരിക തന്നെ ചെയ്യും. ഇതിനെ മുൻനിർത്തി, മോദി-ഷാ നേതൃത്വം നൽകുന്ന കേന്ദ്ര സർക്കാരിന്റെ ഭരണസംവിധാനങ്ങൾ ഉപയോഗിച്ച് തെൽതുംദെ അടക്കം ഉള്ള പുരോഗമന ചിന്തകരെയും സമത്വത്തിനു വേണ്ടി പ്രവർത്തിക്കുന്ന ആക്ടിവിസ്റ്റുകളെയും അംബേദ്ക്കറൈറ്റുകളെയും വേട്ടയാടുന്ന സംഘപരിവാറിന് എതിരെ ഇന്ത്യയിലെ എല്ലാ ജനങ്ങളും പ്രതികരിക്കേണ്ടതുണ്ട്. അംബേദ്കർ ജയന്തിയുടെ അന്നുതന്നെ കരുതിക്കൂട്ടി തെൽതുംദെയെ അറസ്റ്റ് ചെയ്ത നടപടി ഈ രാജ്യത്തിന് തീർത്താൽ തീരാത്ത കളങ്കമാണ്. അദ്ദേഹത്തിനെ എത്രയും പെട്ടന്ന് വിട്ടയക്കണം എന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. അതുപോലെ ഭീമ-കൊറേഗാവ് സംഭവവുമായി ബന്ധപ്പെട്ട് അറസ്റ്റിലായ എല്ലാ സാമൂഹിക പ്രവർത്തകരെയും, അഭിഭാഷകരെയും, ചിന്തകരെയും ഉടൻ വിട്ടയക്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു.■

## ഭീമ-കൊറെഗാവ് കേസ്: സുപ്രീംകോടതി ഉടൻ ഇടപെടുക

### ഹർജിക്കാർ ചീഫ് ജസ്റ്റിസിന് എഴുതിയ കത്ത്

ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസ്,

2018 സെപ്റ്റംബറിൽ, 'ഭീമ-കൊറെഗാവ് കേസ്' എന്ന് വിളിക്കപ്പെടുന്ന കേസുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയെ സമീപിച്ച ഹർജിക്കാരാണ് ഞങ്ങൾ. ഈ കേസിൽ ഇതിനകം നിരവധി അറസ്റ്റുകൾ നടന്നിട്ടുണ്ടെങ്കിലും വരവര റാവു, അരുൺ ഫെറെയിറ, വെർനോൺ ഗോൺസാൽവസ്, സുധ ഭരദ്വാജ്, ഗൗതം നവലാഖ എന്നിവരെ അറസ്റ്റ് ചെയ്യുന്നതിനായി 2018 ഓഗസ്റ്റ് 28 ന് വാറണ്ട് പുറപ്പെടുവിക്കുമ്പോൾ മുതലാണ് ഞങ്ങൾ ഇക്കാര്യത്തിൽ ഉത്കണ്ഠപ്പെടുന്നത്. ഈ വ്യക്തികൾ അറിയപ്പെടുന്ന ബുദ്ധിജീവികളും, എഴുത്തുകാരും, അഭിഭാഷകരും, മനുഷ്യാവകാശ പ്രവർത്തകരും, പണ്ഡിതരും, പത്രപ്രവർത്തകരും മറ്റുമാണ്.

ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയമിക്കണമെന്നും, പൂനെ പോലീസ് ഉന്നയിച്ച ആരോപണങ്ങളുടെ നിജസ്ഥിതി അന്വേഷിക്കണമെന്നും, അന്വേഷണം വേഗത്തിലും നിഷ്പക്ഷമായും വിശ്വസനീയവുമായാണ് നടക്കുന്നതെന്ന് ഉറപ്പുവരുത്തണമെന്നും ഞങ്ങൾ ഈ ഹർജിയിലൂടെ സുപ്രീംകോടതിയോട് അഭ്യർത്ഥിക്കുകയുണ്ടായി. 2-1 ഭൂരിപക്ഷ തീരുമാനത്തിലൂടെ സുപ്രീംകോടതി ഞങ്ങളുടെ അപേക്ഷ നിരസിച്ചു. സംശയാസ്പദമായ കുറ്റകൃത്യത്തിന്റെ അന്വേഷണം ആദ്യഘട്ടത്തിലാണെന്നാണ് കരുതുന്നത്, അതിനാൽ ഏതെങ്കിലും പ്രതിയെക്കുറിച്ചോ അല്ലെങ്കിൽ പ്രോസിക്യൂഷനെക്കുറിച്ചോ മുൻവിധികൾ ഉണ്ടാകാതിരിക്കാനായി കേസിന്റെ യോഗ്യതയെക്കുറിച്ച് ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്നില്ല എന്നാണ് കാരണം പറഞ്ഞത്. എന്നിരുന്നാലും, ന്യൂനപക്ഷ വിധി 'സ്വതന്ത്ര അന്വേഷണം നടത്തേണ്ടതിന്റെ ആവശ്യകത' സംബന്ധിച്ച ഞങ്ങളുടെ ആവശ്യത്തോട് യോജിക്കുകയും ഒരു എസ്.ഐ.ടിയെ നിയമിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ഭൂരിപക്ഷം വിധിന്യായം പോലും പ്രതികൾക്ക് നിയമപരമായ പരിഹാരങ്ങൾ തേടുന്നതിനുള്ള സമയം നാല് ആഴ്ച കൂടി നീട്ടി നൽകാമെന്നും സമ്മതിച്ചു. എന്നാൽ ഇന്നുവരെ, നീണ്ട പതിനെട്ട് മാസങ്ങൾ കഴിഞ്ഞിട്ടും നടന്നുകൊണ്ടിരിക്കുന്ന വിചാരണയിൽ പുതിയ വസ്തുതകളോ തെളിവുകളോ ഹാജരാക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടുവെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഇതുകൂടാതെ, പ്രതികൾക്ക് ജാമ്യം നിഷേധിക്കപ്പെടുകയും ന്യായീകരിക്കാനാവാത്തവിധം ദീർഘകാലത്തേക്ക് അവരുടെ സ്വാതന്ത്ര്യം നഷ്ടമാവുകയും രണ്ട് പുതിയ പേരുകൾ ആ നിരയിലേക്ക് കൂട്ടിച്ചേർക്കപ്പെടുകയും ചെയ്തു. ആനന്ദ് തെൽതുംദെ (മാനേജ്മെന്റ് പ്രൊഫസർ, എഴുത്തുകാരൻ, ബുദ്ധിജീവി), ഗൗതം നവലാഖ (എഴുത്തുകാരനും പത്രപ്രവർത്തകനും) എന്നിവർക്ക് ജാമ്യം നിഷേധിക്കുകയും ഒരാഴ്ചയ്ക്കുള്ളിൽ മഹാരാഷ്ട്ര പോലീസിന് കീഴടങ്ങാൻ സുപ്രീംകോടതി ഉത്തരവിടുകയും ചെയ്തു.

പ്രോസിക്യൂഷന് നിയമത്തിന്റെ ആദർശത്തോട് ഒരു ഉത്തരവാദിത്തവും ഇല്ലെന്നറിഞ്ഞ് നീതിബോധമുള്ള എല്ലാ പൗരന്മാരെയും പോലെ ഞങ്ങളും ഞെട്ടി. ശബ്ദമില്ലാത്തവരുടെയും പാർശ്വവത്കൃതരുടെയും അവകാശങ്ങൾ സംരക്ഷിക്കാൻ തുനിഞ്ഞവരെ തടവിലാക്കിയ തെറ്റായ പ്രവർത്തിയെ അംഗീകരിക്കുകയും ഇവർക്കെതിരായ പ്രതികാര പ്രചാരണം വ്യാപിപ്പിക്കാൻ അനുവദിക്കുകയും ചെയ്ത കോടതി നടപടിയിൽ ഞങ്ങൾക്ക് മനോവേദനയുണ്ട്. കോവിഡ് 19 മഹാമാരി ആളുകൾ തിങ്ങിനിറഞ്ഞ നമ്മുടെ ജയിലുകൾക്ക് ഭീഷണിയായിത്തീർന്ന സമയത്ത് ഇത് തീർത്തും മനുഷ്യത്വരഹിതവും മനസ്സിലാക്കാൻ കഴിയാത്തതുമാണ്.

നമ്മുടെ ഭരണഘടനയിലും അത് എല്ലാ പൗരർക്കും ഉറപ്പുനൽകുന്ന സ്വാതന്ത്ര്യത്തിലുമുള്ള പൊതുജനവിശ്വാസം പുനഃസ്ഥാപിക്കണമെന്ന് ഞങ്ങൾ അങ്ങയോട് അഭ്യർത്ഥിക്കുന്നു. പ്രോസിക്യൂഷന് ഇതിനകം തന്നെ കേസെടുക്കാൻ ആവശ്യമായതിലും കൂടുതൽ സമയം അനുവദിക്കപ്പെട്ടിട്ടുണ്ട്. ഈ പ്രക്രിയ തന്നെ ഒരു ശിക്ഷയായി മാറാൻ പരമോന്നത കോടതി അനുവദിക്കരുത്. ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഭരണഘടനയെ ഉയർത്തിപ്പിടിക്കുന്നതിനും സുപ്രീംകോടതി ഉറച്ചുനിൽക്കുമെന്ന് സ്ഥാപിക്കാൻ താങ്കളുടെ നേതൃത്വത്തിൽ മുൻകൈകളുണ്ടാകണം. ഈ വിഷയത്തിൽ അനുകൂലമായ ഒരു ഇടപെടൽ താങ്കളുടെ ഭാഗത്ത് നിന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ആദരവോടെ,

**റോമില ഥാപ്പർ, പ്രഭാത് പട്നായിക്, ദേവകി ജെയിൻ, മജാ ദരുവാല, സതീഷ് ദേശ്പാണ്ഡെ**